(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി 4 പദ്ധതികൾ അവാർഡ് ചെയ്ത് കരാർ ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ സാധിക്കുന്നതാണ്.

അഡ്വഞ്ചർ ആക്ടിവിറ്റീസ് ഇൻ കായംകുളം പദ്ധതി

107 (856) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ അഡ്വഞ്ചർ ആക്ടിവിറ്റീസ് ഇൻ കായംകുളം (ഒന്നാം ഘട്ടം) പദ്ധതി, 'വാവ്കോസ്' എന്ന ഏജൻസി മുഖേന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിന് 93,93,000 രൂപയുടെ അനുമതി ലഭിച്ചിരുന്നുവെങ്കിലും നാളിതുവരെ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണ്; പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് കേരളത്തിലും തമിഴ്നാട്ടിലും നിലനിൽക്കുന്ന ലോക്ഡൗൺ പെരുമാറ്റച്ചട്ടങ്ങൾമൂലം പദ്ധതിക്കുവേണ്ട ഉപകരണങ്ങൾ നാളിതുവരെയും എത്തിക്കുവാൻ കരാറുകാരന് സാധിച്ചിട്ടില്ല. പ്രസ്തുത സ്റ്റീൽ ഘടകങ്ങൾ എത്തിക്കഴിഞ്ഞാലുടൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം

108 (857) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലൊന്നായ മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(ബി) ഇതിന് അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) മലമ്പുഴ ഉദ്യാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച പദ്ധതികൾ താഴെപ്പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly